## സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

## "ആശ്വാസം" സ്വയംതൊഴിൽ ധനസഹായം

## ഭിന്നശേഷിക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

സ്വയം തൊഴിൽ വയ്പ്പ എടുക്കുന്നതിന് ഈട് നല്കാൻ സ്വന്തമായി വസ്തു വകകൾ ഇല്ലാത്ത ഭിന്നശേഷിക്കാരിൽ നിന്നും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ സൂക്ഷ്മ-ചെറുകിട സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് 25000/- രൂപ ധനസഹായം അനുവദിക്കുന്ന ആശ്വാസം പദ്ധതി പ്രകാരം അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ 40%-ൽ കൂടുതൽ ഭിന്നശേഷിത്വമുള്ളവരും, 18 വയസ്സ് പൂർത്തിയായവരും ഈടുവെക്കാൻ വസ്തുവകകൾ ഇല്ലാത്തവരും കോർപ്പറേഷനിൽ നിന്നോ, മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ഇതേ ആവശ്യത്തിന് സബ്സിഡിയോടുകൂടിയ വായ്പയോ, ധനസഹായമോ ലഭിച്ചിട്ടില്ലാത്തവരും ആയിരിക്കണം. തീവ്ര ഭിന്നശേഷിത്വം ബാധിച്ചവർ, ഭിന്നശേഷിക്കാരായ വിധവകൾ, ഗുരുതര രോഗബാധിതരായ ഭിന്നശേഷിക്കാർ, 14 വയസ്സ് തികഞ്ഞ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾ, മുതിർന്ന ഭിന്നശേഷിക്കാർ, അഗതികൾ, എന്നിവർക്ക് മുൻഗണന ഉണ്ടായിരിക്കും. തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്കായി ജില്ലാതലത്തിൽ ആവശ്യമായ പരിശീലനവും നല്കുന്നതാണ്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ 2022 നവംബർ 20-ാം തീയതിക്കകം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമകോർപ്പറേഷൻ, പൂജപ്പുര , തിരുവനന്തപുരം-12, ഫോൺ നം. 0471-2347768, 7152, 7153, 7156) എന്ന വിലാസത്തിൽ സമർപ്പിച്ചിരിക്കണം

**അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 20/11/2022**

ഒപ്പ്

മാനേജിംഗ് ഡയറക്ടർ

**കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ**
**പൂജപ്പുര, തിരുവനന്തപുരം – 695012,**
ഫോൺ: 0471-2347768, 7153, 7156, 7152, ഫാക്സ്: 0471-2340568
ഇ.മെയിൽ: ks_kshpwc@yahoo.com, വെബ്സൈറ്റ്: www.hpwc.kerala.gov.in

*Regional Office:*
കോസ്റ്റ്ഗാർഡിന് എതിർവശം,
ഫോർട്ട്കൊച്ചി, കൊച്ചി - 682 001,
ഫോൺ: 0484-2116880.

*Regional Office:*
സിവിൽ സ്റ്റേഷൻ,
കോഴിക്കോട് -673020
ഫോൺ:0495-2370463

## "ആശ്വാസം" സ്വയം തൊഴിൽ ധനസഹായ പദ്ധതി അപേക്ഷാഫാറം

| | | | |
|---|---|---|---|
| 1 | അപേക്ഷകന്റെ പേര് | | ഫോട്ടോ |
| 2 | അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസം പിൻകോഡ്, ഫോൺ നമ്പർ/മൊബൈൽ നമ്പർ | | |
| 3 | ആധാർ നമ്പർ | | |
| 4 | പിതാവിന്റെ/ഭർത്താവിന്റെ (നിയമാനുസൃത രക്ഷകർത്താവിന്റെ പേര്) | | |
| 5 | ജനന തീയതി, വയസ്സ് | | |
| 6 | ജാതി (പട്ടികജാതി/പട്ടിക വർഗ്ഗം/മറ്റ് പിന്നോക്ക വിഭാഗം) | | |
| 7 | ഭിന്നശേഷിത്വത്തിന്റെ സ്വഭാവം (വിഭാഗം/ശതമാനം) | | |
| 8 | ഭിന്നശേഷിക്കാർക്കുളള തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ കാർഡ് നമ്പർ | | |
| 9 | വിദ്യാഭ്യാസയോഗ്യത | | |
| 10 | ഇപ്പോൾ ഏർപ്പെട്ടിട്ടുളള തൊഴിൽ | | |
| 11 | സ്വന്തം പേരിൽ ഭാര്യ/ഭരത്താവിന്റെ അച്ഛൻ/അമ്മ പേരിൽ വസ്തു വകകൾ ഉണ്ടോ? ഉണ്ടെങ്കിൽ വിശദ വിവരം | | |
| 12 | തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭം | | |

| | | |
|---|---|---|
| 13 | തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം | |
| 14 | സംരംഭവുമായുള്ള മുൻ പരിചയം | |
| 15 | സ്വന്തം പേരിൽ മറ്റ് വായ്പകൾ നിലവിലുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ | |
| 16 | സ്വയം തൊഴിൽ പദ്ധതി പ്രകാരം മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ | |
| 17 | അഗതിയോ/വിധവയോ, ഭർത്താവ് ഉപേക്ഷിച്ചയാളോ ആണോ ? വിശദാംശം | |
| 18 | മുൻപ് ഇതേ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽഏത് വർഷം | |
| 19 | ബാങ്ക് വിവരങ്ങൾ | |

## സത്യ പ്രസ്താവന

ആശ്വാസം സ്വയം തൊഴിൽ പദ്ധതി പ്രകാരം ഞാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളെല്ലാം സത്യമാണെന്നും, എനിക്ക് ഇതേ ആവശ്യത്തിന് മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സബ്സിഡിയോടുകൂടി വായ്പയോ, ധനസഹായമോ ലഭിച്ചിട്ടില്ലെന്നും എനിക്ക് സ്വന്തമായി (എന്റെ പേരിലോ, എന്റെ ഭാര്യ/ഭർത്താവ് - ന്റെ പേരിലോ) വസ്തു വകകൾ ഒന്നും ഇല്ലായെന്നും ഇതിനാൽ സത്യം ചെയ്യുന്നു. ഏതെങ്കിലും കാരണത്താൽ മേൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമല്ലായെന്ന് തെളിയുന്ന പക്ഷം കോർപ്പറേഷൻ നിശ്ചയിക്കുന്ന ഏത് ശിക്ഷാ നടപടികൾക്കും വിധേയമാകാമെന്ന് ഇതിനാൽ സമ്മതിക്കുന്നു. ഈ ധനസഹായം സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിന് അല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയില്ലെന്നും ഇതിനാൽ സത്യം ചെയ്യുന്നു.

സ്ഥലം:

തീയതി: അപേക്ഷകന്റെ പേരും ഒപ്പും

## നിബന്ധനകൾ

1. 40 ശതമാനത്തിനു മുകളിൽ സ്ഥിരം ഭിന്നശേഷിത്വമുള്ളവരും, 18 വയസ്സ് തികഞ്ഞവരും ആയിരിക്കണം അപേക്ഷകർ, മാനസിക വെല്ലുവിളി നേരിടുന്നവർക്ക് 14 വയസ്സ് .
2. ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാന മുള്ളവരായിരിക്കണം
3. സർക്കാർ ജീവനക്കാരോ മറ്റ് ശമ്പളം പറ്റുന്നവരോ അപേക്ഷിക്കാൻ പാടുള്ളതല്ല.
4. ഭിന്നശേഷിത്വം തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം
5. അപേക്ഷ ഫോറത്തിലെ വിവരങ്ങൾ വ്യക്തമായും പൂർണ്ണമായും രേഖപ്പെടുത്തേണ്ടതാണ്.
6. ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ കത്തിടപാടുകൾ കൂടാതെ നിരസിക്കുന്നതാണ്.
7. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു.
8. അപേക്ഷയുടെ കവറിന്റെ മുകളിൽ **"ആശ്വാസം"** എന്ന് രേഖപ്പെടുത്തിയിരിക്കണം
9. തീവ്ര ഭിന്നശേഷിത്വം ബാധിച്ചവർ , വിധവകൾ , ഗുരുതര രോഗ ബാധിതർ ,14 വയസ് കഴിഞ്ഞ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ അമ്മമാർ, 60 വയസിനു മുകളിൽ പ്രായമുള്ളവർ , അഗതികൾ എന്നിവർക്കും മുൻഗണന ഉണ്ടായിരിക്കുന്നതാണ്

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

രേഖകളുടെ 2 പകർപ്പ് കൂടി താഴെപ്പറയുന്ന ക്രമത്തിൽ ടിക്ക് ചെയ്ത് അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

- പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫോറം, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ
- ആധാർ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- റേഷൻ കാർഡിന്റെ 1,2 പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- വില്ലേജ് ഓഫീസറിൽ നിന്നും ഒരു വർഷത്തിനുള്ളിൽ ലഭിച്ച വാർഷിക വരുമാന സർട്ടിഫിക്കറ്റ്
- ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- തുടങ്ങാനുദ്ദേശിക്കു
- ന്ന സംരംഭത്തെക്കുറിച്ച് വെള്ള പേപ്പറിൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട്
- സ്വന്തമായി (സ്വന്തം പേരിലോ ഭാര്യ/ഭർത്താവ് - ന്റെ പേരിലോ) വസ്തുവോ വീടോ ഇല്ല എന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം
- മറ്റ് സർക്കാർ/ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായമോ/ സബ്സിഡിയോടുകൂടിയ വായ്പയോ ലഭിച്ചിട്ടില്ല എന്ന് നോട്ടറിയുടെ മുമ്പാകെ ഒപ്പിട്ട സത്യവാങ്മൂലം
- പട്ടികസമുദായംഗമാണെങ്കിൽ വില്ലേജ് ഓഫീസറിൽ നിന്നും ഒരു വർഷത്തിനകം ലഭിച്ച ജാതി സർട്ടിഫിക്കറ്റ്
- വിധവയോ ഭർത്താവുപേക്ഷിച്ചവരോ എങ്കിൽ റവന്യു അധികാരികളുടെ സർട്ടിഫിക്കറ്റ്
- ഒറ്റത്തവണ മാത്രമേ ധനസഹായം അനുവദിക്കുകയുള്ളു.

**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 20/11/2022 വൈകുന്നേരം 5 മണിവരെ**

NB: ഗുണഭോക്താക്കളെ വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങളനുസരിച്ച് അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കി നൽകുന്ന മാർക്കിന്റെ അടിസ്ഥാനത്തിലുമായിരിക്കും തെരഞ്ഞെടുക്കപ്പെടുക.